പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2191 — 12.02.2013 ൽ മറുപടിക്ക്

മനുഷ്യക്കടത്ത്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ<br>,, മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. വി.ശശി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) വിദേശത്തേയ്ക്ക് മനുഷ്യക്കടത്ത് നടത്തിയതിന്റെ പേരിൽ എത്ര കേസ്സുകൾ ഇപ്പോൾ നിലവിലുണ്ട്; ഈ കേസ്സുകൾ സംബന്ധിച്ച് ഏതെല്ലാം തരത്തിലുള്ള അന്വേഷണങ്ങളാണ് നടന്നു വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) എറണാകുളം സിറ്റിയിൽ പാടിവട്ടത്ത് സിവിൽ ലൈൻ റോഡിൽ പ്രവർത്തിച്ചു വന്ന Shadewell's Education Management Pvt. എന്ന സ്ഥാപനം 36 ഓളം പേരെ അമേരിക്കയിലേക്ക് കടത്താൻ ശ്രമിച്ചതിന്റെ പേരിൽ തൃക്കാക്കര പോലീസ് സ്റ്റേഷനിൽ ഒരു കേസും കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ 3 കേസുകളും കരിപ്പൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |
| (ബി) സംസ്ഥാനത്ത് ഏതെല്ലാം കാലഘട്ടങ്ങളിലാണ് മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട കേസ്സുകൾ ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) വിവരം ശേഖരിച്ചുവരുന്നു. |
| (സി) മനുഷ്യക്കടത്തിലൂടെ നിരവധി തീവ്രവാദികൾ വിദേശത്തേയ്ക്ക് കടന്നിട്ടുണ്ടെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തീവ്രവാദികളെ കടത്താൻ സഹായിച്ചവർക്കെതിരെ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ